ശ്രീമതി കെ. ആർ. ഗൌരി: സ്റ്റേറ്റ് സോഷ്യൽ അഡൈ്വസറി ബോർഡ് ഗ്രാൻറ് കൊടുക്കുമെന്നു ശുപാർശചെയ്തിട്ടുള്ള ഏതെങ്കിലും സ്ഥാപനങ്ങൾക്ക് ഗ്രാൻറ് കൊടുത്തിരുന്നിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു ബോർഡിനോടു ചോദിച്ചു മനസ്സിലാക്കണം.

ശ്രീമതി കെ. ആർ. ഗൌരി: ഇങ്ങനെ സ്ഥാപനങ്ങൾക്കു ഗ്രാൻറ് കൊടുക്കുന്ന കാര്യത്തിൽ, ഗവണ്മെൻറുദ്യോഗസ്ഥന്മാരെ നിയമിക്കുമ്പോൾ പോലീസ് അന്വേഷണം നടത്തുന്നതുപോലെ, ഓരോ സ്ഥാപനത്തെപ്പറ്റിയും അന്വേഷണം നടത്താറുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഗ്രാൻറ് കൊടുക്കുന്ന വിഷയത്തിൽ, അന്വേഷണം നടത്തുന്ന കാര്യവുമായി ഗവണ്മെൻറിനു കാര്യമില്ല.

ശ്രീമതി കെ. ആർ. ഗൌരി: സ്റ്റേറ്റ് സോഷ്യൽ അഡൈ്വസറി ബോർഡ് ശുപാർശചെയ്തിട്ടും ഗ്രാൻറ് നൽകിയിട്ടില്ലാത്ത സ്ഥാപനങ്ങളുടെ വിവരം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ വേണ്ടതു ചെയ്യുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനെപ്പറ്റി എന്തു നടപടി സ്വീകരിക്കാമെന്നു ആലോചിക്കാം.

ശ്രീമതി കെ. ആർ. ഗൌരി: ഇന്നത്തെ നിലയിൽ ഈ സ്ഥാപനങ്ങൾക്കു കൊടുത്തിട്ടുള്ള ഗ്രാൻറ് ഏതുവിധത്തിൽ ഉപയോഗിക്കുന്നുവെന്ന കാര്യം അന്വേഷിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഗവണ്മെൻറിനു സാധിക്കുന്ന വിധത്തിൽ അന്വേഷിക്കാവുന്നതാണു്.

ശ്രീ. കെ. പി. ഹാർമിസ്: സാമൂഹ്യപ്രവർത്തനസ്ഥാപനങ്ങൾക്കു് സ്റ്റേറ്റിൽ ഗ്രാൻറ് നൽകിയിരുന്നില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉവ്വു്.

WRITTEN ANSWERS

Cottage and Small Scale Industries.

*266. [13] SHRI T. S. RAMASWAMY: Will the Chief Minister be pleased to state:

(*a*) the number and nature of cottage and small scale industries proposed by the State Government to be included in the Second Five Year Plan in the State;

(*b*) the location of these ?

Chief Minister (SHRI PANAMPILLI GOVINDA MENON): (*a*) Nearly 268 Units of small-scale industries manufacturing 60 types of consumer goods and nearly 400 units of cottage and village industries manufacturing ten types of

LIBRARY ARCHIVES Kerala Legislative Assembly

consumer goods are proposed to be started under the Second Five Year Plan. The details are given in the two separate lists attached.*

(b) These industries units will be spread through out the State. The exact location of these units cannot be determined now.

വ്യവസായസ്ഥാപനങ്ങൾ

*267. [21] ശ്രീ. എം പി. ചന്ദ്രശേഖരൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവണ്മെൻറ് മുതൽ മുടക്കിയിട്ടുള്ള എത്ര വ്യവസായസ്ഥാപനങ്ങൾ ഇന്ന പ്രവർത്തനരഹിതമായി കിടപ്പുണ്ട് ;

(ബി) അവ ഏതെല്ലാം; ഓരോന്നിലും എത്ര സംഖ്യവീതം മുടക്കിയിട്ടുണ്ട്;

(സി) ഇവയുടെ പ്രവർത്തനം നടത്തുന്നതിന് ഗവണ്മെൻറിന് എന്തെങ്കിലും പദ്ധതിയുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എന്തു് ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) നാല്.

(ബി) 1. ഇലക്ട്രോകെമിക്കൽ ഇൻഡസ്ട്രീസ് രൂ. 2,00,000

2. ട്രാവൻകൂർ ഇനാമൽഇൻഡസ്ട്രീസ് രൂ. 20,000

3. വെസ്റ്റ്കോസ്റ്റ് ഫിഷറീസ് രൂ. 5,00,000

4. മലബാർ ടിംബർ ആൻഡ് പ്രോഡക്ട്സ് ലിമിറഡ് രൂ. 50,000.

(സി) ഉണ്ട്.

(ഡി) 1. ഇലക്ട്രോ കെമിക്കൽ ഇൻഡസ്ട്രീസ്. കൂടുതൽ മെഷിനറി സ്ഥാപിച്ച് കമ്പനിയുടെ പ്രവർത്തനം വിപുലീകരിക്കുന്നതിനുവേണ്ടി ധനസഹായം ആവശ്യപ്പെട്ടിട്ടുണ്ട് കമ്പനിമാനേജിംഗ് ഡയറക്ടർ സമർപ്പിച്ച ഒരു സ്കീം ഗവണ്മെൻറിൻെറ പരിഗണനയിലിരിക്കുകയാണ്.

2. ട്രാവൻകൂർ ഇനാമൽഇൻഡസ്ട്രീസ്. ഗവണ്മെൻറ് കമ്പനിക്ക് കൂടുതൽ ധനസഹായം നൽകണമെന്നും അതല്ലാത്തപക്ഷം ഗവണ്മെൻറ്തന്നെ ഫാക്ടറി ഏറെടുത്തു നടത്തണമെന്നും അപേക്ഷിച്ചുകൊണ്ട് ഒരു സ്കീം കമ്പനി സമർപ്പിച്ചിട്ടുണ്ട്. ഇതു് ഗവണ്മെൻറിൻെറ പരിശോധനയ്ക്കു് വിഷയമായിരിക്കുകയാണ്.

3. വെസ്റ്റ്കോസ്റ്റ് ഫിഷറീസ് : കമ്പനിയുടെ പുനരുദ്ധാരത്തിനുവേണ്ടിയുള്ള പദ്ധതികൾ ഗവണ്മെൻറിൻെറ ആലോചനയിലിരിക്കുകയാണ്. കമ്പനിയുടെ റെഫ്രിജറേഷൻ പ്ലാൻറ് ഗവണ്മെൻറ് ഏട

*Please See Appendix IV

LIBRARY ARCHIVES Kerala Legislative Assembly